# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.110/PR/PIC/PHQ/13 Date : 27.10.2013

## പത്രക്കുറിപ്പ്

ഛത്തിസ്ഗഢിൽ തെരഞ്ഞെടുപ്പു ജോലിക്ക് നിയോഗിച്ച കേരള പോലീസ് സേനാംഗങ്ങൾക്ക് വേണ്ടത്ര ആയുധ ശേഖരം കൈയിലില്ലെന്നും ട്രെയിനിങ് ലഭിച്ചിട്ടില്ലെന്നും സുരക്ഷിതമായ സാഹചര്യങ്ങൾ ലഭ്യമല്ലെന്നുമുള്ള ചില മാധ്യമവാർത്തകൾ വസ്തുതാപരമല്ലെന്ന് സംസ്ഥാന പോലീസ് മേധാവി വ്യക്തമാക്കി.

ഛത്തിസ്ഗഢ് സംസ്ഥാനത്ത് നവംബർ 11, 19 തീയതികളിൽ നടക്കുന്ന പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേരള പോലീസിലെ ഒരു എസ്.പി റാങ്ക് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ ബറ്റാലിയനുകളിൽ നിന്നായി എട്ട് കമ്പനി പോലീസ് ഉദ്യോഗസ്ഥരെ ഒക്ടോബർ 18ന് സ്പെഷ്യൽ ട്രെയിനിൽ ഡ്യൂട്ടിക്ക് അയച്ചത് കേന്ദ്ര സർക്കാരിന്റെ പ്രത്യേക നിർദ്ദേശപ്രകാരമാണ്. കേന്ദ്രസർക്കാരിന്റെ നിർദ്ദേശം യാതൊരു കാരണവശാലും അവഗണിക്കാൻ പാടില്ലാത്തതാണ്. ഇതിനു മുൻപും പല പ്രാവശ്യം വടക്കെ ഇന്ത്യയിലും മറ്റും തെരഞ്ഞെടുപ്പ് വേളയിലും ക്രമസമാധാന പരിപാലനത്തിലും കേരള പോലീസ് സേനാംഗങ്ങളെ ഡ്യൂട്ടിക്ക് അയയ്ക്കുകയും അവർ പ്രശംസനീയമായ രീതിയിൽ ഡ്യൂട്ടി നിർവഹിക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്പോൾ ഇവിടെ പോയിട്ടുള്ള പോലീസ് സേനാംഗങ്ങൾ എല്ലാം തന്നെ ആന്വൽ റിഫ്രഷർ ട്രെയിനിങ്, സി.ക്യു.ബി, ജംഗിൾ ട്രെയിനിങ്, ഫയറിങ് പ്രാക്ടീസ് എന്നിവ വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളവരാണ്. കൂടാതെ സംസ്ഥാന പോലീസിലെ ഉന്നത ഉദ്യോഗസ്ഥർ ഛത്തീസ്ഗഢിലെ സി.ആർ.പി.എഫിലെ ഐ.ജി റാങ്കിലുള്ള ഉദ്യോഗസ്ഥരുമായും ലാ ആന്റ് ഓർഡർ ചുമതലയുള്ള ഉന്നത ഉദ്യോഗസ്ഥരുമായും നിരന്തരം സമ്പർക്കം പുലർത്തി വരുന്നുണ്ട്. ഇപ്പോൾ അയച്ചിരിക്കുന്ന സേനാംഗങ്ങൾ നക്സൽ വേട്ടയ്ക്കല്ല മറിച്ച് പോളിങ് ബൂത്തിനകത്തും പരിസരത്തും ലാ ആന്റ് ഓർഡർ ഡ്യൂട്ടി നോക്കുന്നതിനാണ് പോയിട്ടുള്ളത്. കേരളത്തിൽ നിന്നു പോയിട്ടുള്ള സേനാംഗങ്ങൾക്ക് ആവശ്യമായ തോക്കും തിരകളും അവരുടെ പക്കൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അവർക്ക് ഇതിലുമധികം തിരകൾ ആവശ്യമുണ്ടെങ്കിൽ അവ ഉടൻ എത്തിക്കുന്നതിനും അത്യാവശ്യഘട്ടം വന്നാൽ സി.ആർ.പി.എഫിലും മറ്റും നിന്ന് തിരകൾ എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അവരിപ്പോൾ സ്കൂൾ കെട്ടിടങ്ങളിലാണ് താമസിച്ചുവരുന്നത്. അവർക്ക് ആവശ്യമായ ടെന്റുകളും മറ്റും സി.ആർ.പി.എഫിൽ നിന്നും ലഭ്യമാക്കിയിട്ടുമുണ്ട്. കൂടാതെ, അത്യാവശ്യഘട്ടം എങ്ങനെ നേരിടണം എന്നതിനെ സംബന്ധിച്ച് സി.ആർ.പി.എഫ് ഉദ്യോഗസ്ഥർ കേരളത്തിൽ നിന്നുള്ള സേനാംഗങ്ങൾക്ക് സ്റ്റഡി ക്ലാസും ട്രെയിനിങ്ങും നൽകിയിട്ടുണ്ട്.

സേനാംഗങ്ങളെല്ലാം സുരക്ഷിതരാണെന്നും ഇക്കാര്യത്തിൽ യാതൊരുവിധ ഭയാശങ്കകൾക്കും അടിസ്ഥാനമില്ലെന്നും അദ്ദേഹം അറിയിച്ചു.

**************

The contents of this document may be deemed to be based on received information which is subject to further verification